"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - കണ്ണൂർ സ്റ്റേറ്റ് കോക്കനട്ട് നഴ്സറി പാലയാടിലെ സ്ഥിരം തൊഴിലാളിയായ ശ്രീമതി.റീന.ടി.യ്ക്ക് 15/05/2022 മുതൽ 31/12/2025 വരെ ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഫാംസ്) വകുപ്പ്**

സ.ഉ.(സാധാ) നം.75/2025/AGRI തീയതി,തിരുവനന്തപുരം, 03-02-2025

---

പരാമർശം:- 1. സ.ഉ(സാധ)നം. 647/2023/കൃഷി തീയതി 04.07.2023.

2. കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 15.01.2025-ലെ ADFW/10685/2022/LW(1) നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ സ്റ്റേറ്റ് കോക്കനട്ട് നഴ്സറി പാലയാടിലെ സ്ഥിരം തൊഴിലാളിയായ ശ്രീമതി.റീന.ടി., 15/05/2022ൽ നടന്ന വാഹനാപകടത്തിൽ ഗുരുതരമായ പരിക്ക് പറ്റി ചികിത്സയിലാണെന്നും, ഇപ്പോഴും അബോധാവസ്ഥയിൽ തുടരുന്നതിനാൽ ടിയാരിയ്ക്ക് 15.05.2022 മുതൽ 31.12.2025 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിക്കണമെന്നും പരാമർശം (2) പ്രകാരം കൃഷി ഡയറക്ടർ അപേക്ഷിച്ചിരുന്നു. പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 14 പ്രകാരം ഫാം തൊഴിലാളികൾക്ക് 180 ദിവസത്തിൽ കൂടുതൽ ശൂന്യവേതനാവധി അനുവദിക്കുന്ന വിഷയം സർക്കാർ തലത്തിൽ പരിശോധിച്ചു തീരുമാനിക്കാവുന്നതാണെന്നു വ്യക്തമാക്കിയിട്ടുണ്ട് ..

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ സ്റ്റേറ്റ് കോക്കനട്ട് നഴ്സറിയിലെ സ്ഥിരം തൊഴിലാളിയായ ശ്രീമതി.റീന.ടി. യ്ക്ക്, ഡയറക്ടറുടെ ശിപാർശയുടെയും, ടിയാളുടെ അപേക്ഷ, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവയുടെയും അടിസ്ഥാനത്തിൽ 15/05/2022 മുതൽ 31/12/2025 വരെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ.മനോജ് കുമാർ

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

ശ്രീമതി. റീന.ടിയ്ക്ക് (ഡയറക്ടർ മുഖാന്തിരം)

സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Sujanath V M
Date: 03-02-2025 16:51:48

സെക്ഷൻ ഓഫീസർ